**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1186** **27-07-2021 - ൽ മറുപടിയ്ക്ക്**

**കൗൺസിലിംഗ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മാനസിക വെല്ലുവിളികളും മാനസിക അസ്വസ്ഥതകളും അനുഭവിക്കുന്ന സ്ത്രീകൾക്ക് കൗൺസിലിംഗ് നൽകുന്ന പദ്ധതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | വിവിധതരം പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്ക് കൗൺസിലിംഗ് നൽകുന്ന കാതോർത്ത് പദ്ധതി, Family Counseling Centres (കേന്ദ്ര ആവിഷ്കൃത പദ്ധതി), 181 മിത്ര ഹെൽപ്പ് ലൈൻ, 9400080292 എന്ന വാട്സാപ് നമ്പർ, രക്ഷാദൂത് എന്നീ പദ്ധതികൾ വനിതശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്നു.വിശദാംശം ചുവടെ ചേർക്കുന്നു. 1. കാതോർത്ത് സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതുമായ ഓൺലൈൻ കൺസൾട്ടൻസി കാതോർത്ത് എന്ന പേരിൽ നടപ്പിലാക്കി വരുന്നു. kathorthuwcd@gmail.com എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെട്ടാൽ സ്ത്രീകളുടെ പരാതി കേൾക്കുന്നതിനും പരിഹാരം, കൗൺസിലിംഗ്, നിയമോപദേശം, പോലീസ് സഹായം എന്നിവ ലഭ്യമാകുന്നതിനും അതു വഴി സ്ത്രീകൾക്ക് സ്വന്തം വീട്ടിൽ ഇരുന്ന് കൊണ്ട് തന്നെ പ്രശ്നപരിപാരം തേടാം എന്നതുമാണ് ഈ പദ്ധതിയുടെ പ്രത്യേകത. 2.Family Counseling Centres: –(കേന്ദ്ര ആവിഷ്കൃത പദ്ധതി) വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ കേരള സംസ്ഥാന സോഷ്യൽ വെൽഫെയർ ബോർഡിന് കീഴിൽ പ്രവർത്തിച്ചു വരുന്ന 38 ഫാമിലി കൗൺസിലിങ് സെന്ററുകളിലെ കൗൺസിലർമാർ വിവിധതരം പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്ക് കൗൺസിലിങ് സൗജന്യമായി നൽകുകയും, സ്ത്രീകളെ ബാധിക്കുന്ന സാമൂഹിക പ്രശ്നങ്ങളിൽ അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നു . 3. 181 മിത്ര ഹെൽപ്പ് ലൈൻ ഗാർഹിക പീഡനം, മറ്റ് അതിക്രമങ്ങൾ എന്നിവ 181 മിത്ര ഹെൽപ്പ് ലൈനിൽ വിളിച്ച് സ്ത്രീകൾക്ക് പരാതിപ്പെടാം. കൗൺസിലിംഗ്,നിയമസഹായം,ഷെൽട്ടർ എന്നീ സംവിധാനങ്ങൾ വനിതാ സംരക്ഷണ ഓഫീസർ (WPO) മുഖേന ലഭ്യമാണ്. 4. 9400080292 എന്ന |

| | | | |
|---|---|---|---|
| | | | വാട്സാപ് നമ്പർ :- പരാതികൾ 9400080292 എന്ന വാട്ട്സാപ് നമ്പർ മുഖേനയും അറിയിക്കാവുന്നതാണ്. വനിതകളുമായി ബന്ധപ്പെട്ട പരാതികൾ ആണെങ്കിൽ വനിതാ സംരക്ഷണ ഓഫീസർ (WPO) നടപടി സ്വീകരിക്കുകയും കുട്ടികളുമായി ബന്ധപ്പെട്ട പരാതികളാണ് എങ്കിൽ ശിശു സംരക്ഷണ ഓഫീസർ (DCPO) അടിയന്തിരമായി നടപടി സ്വീകരിക്കുകയും ചെയ്യുന്നു. 5. രക്ഷാദൂത് തപാൽ വകുപ്പ് വനിത ശിശു വികസന വകുപ്പുമായി സഹകരിച്ച് സമൂഹത്തിലെ അക്രമങ്ങളിൽപ്പെടുന്ന ഏത് വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും,കുട്ടികൾക്കും ഏറ്റവും എളുപ്പത്തിൽ പരാതി സമർപ്പിക്കുന്നതിന് " രക്ഷാദൂത് " എന്ന പദ്ധതി 2020-21 വർഷം മുതൽ നടപ്പിലാക്കി വരുന്നു. അതിക്രമത്തിനിരയായ വ്യക്തിക്കോ, കുട്ടിക്കോ അവരുടെ ഐഡന്റിറ്റി വെളിപ്പെടുത്താതെ പരാതി സമർപ്പിക്കുന്നതിനുള്ള സംവിധാനമാണിത്. അതിക്രമത്തിനിരയായ വ്യക്തിയോ, കുട്ടിയോ,പ്രതിനിധിയോ പോസ്റ്റ് ഓഫീസിൽ എത്തി "തപാൽ" എന്ന കോഡ് പറയുകയും അവർക്ക് പോസ്റ്റ് മാസ്റ്റർ/മിസ്ട്രസിന്റെ സഹായത്തോടു കൂടി ഒരു പേപ്പറിൽ പിൻകോഡ് സഹിതം സ്വന്തം മേൽവിലാസമെഴുതി സീൽ ചെയ്ത് ഒട്ടിച്ച് പുറത്ത് "തപാൽ" എന്ന് എഴുതിയോ വെള്ള പേപ്പറിൽ സ്വന്തം മേൽവിലാസമെഴുതി ഒട്ടിച്ച് പുറത്ത് "തപാൽ" എന്ന് എഴുതിയോ ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതുമാണ്.വെള്ള പേപ്പറിൽ ലഭ്യമാകുന്ന മേൽവിലാസം പരാതിയായി പോസ്റ്റ് മാസ്റ്റർ സ്വീകരിച്ച് അതിന്റെ സ്കാൻട് കോപ്പി വനിത ശിശു വികസന വകുപ്പിന്റെ ഇ-മെയിൽ ID യായ Email Id-wcddvpostal@gmail.com -യിലേയ്ക്ക് കൈമാറുന്നു. ഈ പരാതികളിൽ സ്ത്രീകൾക്കുണ്ടാകുന്ന അതിക്രമം അതാതു ജില്ലയിലെ വനിത സംരക്ഷണ ഓഫീസർമാരും കുട്ടികൾക്കെതിരെയുള്ള അതിക്രമം അതാതു ജില്ലയിലെ ഡിസ്ട്രിക്ക് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാരും അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു. |
| (ബി) | ആത്മഹത്യ പ്രവണത പ്രകടിപ്പിക്കുന്ന സ്ത്രീകളെ കണ്ടെത്തുവാനും അവരെ സന്തോഷകരമായ ജീവിതത്തിലേക്ക് തിരിച്ച് കൊണ്ടുവരുവാനും വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | വിവിധതരം പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്ക് കൗൺസിലിംഗ് നൽകുന്ന കാതോർത്ത് പദ്ധതി, Family Counseling Centres (കേന്ദ്ര ആവിഷ്കൃത പദ്ധതി), 181 മിത്ര ഹെൽപ്പ് ലൈൻ, 9400080292 എന്ന വാട്സാപ് നമ്പർ, രക്ഷാദൂത് എന്നീ പദ്ധതികൾ വനിതശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്നു.വിശദാംശം ചുവടെ ചേർക്കുന്നു. 1. കാതോർത്ത് സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതുമായ ഓൺലൈൻ കൺസൾട്ടൻസി കാതോർത്ത് എന്ന |

പേരിൽ നടപ്പിലാക്കി വരുന്നു. kathorthuwcd@gmail.com എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെട്ടാൽ സ്ത്രീകളുടെ പരാതി കേൾക്കുന്നതിനും പരിഹാരം, കൗൺസിലിംഗ്, നിയമോപദേശം, പോലീസ് സഹായം എന്നിവ ലഭ്യമാകുന്നതിനും അതു വഴി സ്ത്രീകൾക്ക് സ്വന്തം വീട്ടിൽ ഇരുന്ന് കൊണ്ട് തന്നെ പ്രശ്നപരിപാരം തേടാം എന്നതുമാണ് ഈ പദ്ധതിയുടെ പ്രത്യേകത. 2.Family Counseling Centres: –(കേന്ദ്ര ആവിഷ്കൃത പദ്ധതി) വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ കേരള സംസ്ഥാന സോഷ്യൽ വെൽഫെയർ ബോർഡിന് കീഴിൽ പ്രവർത്തിച്ചു വരുന്ന 38 ഫാമിലി കൗൺസിലിങ് സെന്ററുകളിലെ കൗൺസിലർമാർ വിവിധതരം പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്ക് കൗൺസിലിങ് സൗജന്യമായി നൽകുകയും, സ്ത്രീകളെ ബാധിക്കുന്ന സാമൂഹിക പ്രശ്നങ്ങളിൽ അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നു . 3. 181 മിത്ര ഹെൽപ്പ് ലൈൻ ഗാർഹിക പീഡനം, മറ്റ് അതിക്രമങ്ങൾ എന്നിവ 181 മിത്ര ഹെൽപ്പ് ലൈനിൽ വിളിച്ച് സ്ത്രീകൾക്ക് പരാതിപ്പെടാം. കൗൺസിലിംഗ്,നിയമസഹായം,ഷെൽട്ടർ എന്നീ സംവിധാനങ്ങൾ വനിതാ സംരക്ഷണ ഓഫീസർ (WPO) മുഖേന ലഭ്യമാണ്. 4. 9400080292 എന്ന വാട്സാപ് നമ്പർ :- പരാതികൾ 9400080292 എന്ന വാട്ട്സാപ് നമ്പർ മുഖേനയും അറിയിക്കാവുന്നതാണ്. വനിതകളുമായി ബന്ധപ്പെട്ട പരാതികൾ ആണെങ്കിൽ വനിതാ സംരക്ഷണ ഓഫീസർ (WPO) നടപടി സ്വീകരിക്കുകയും കുട്ടികളുമായി ബന്ധപ്പെട്ട പരാതികളാണ് എങ്കിൽ ശിശു സംരക്ഷണ ഓഫീസർ (DCPO) അടിയന്തിരമായി നടപടി സ്വീകരിക്കുകയും ചെയ്യുന്നു. 5. രക്ഷാദൂത് തപാൽ വകുപ്പ് വനിത ശിശു വികസന വകുപ്പുമായി സഹകരിച്ച് സമൂഹത്തിലെ അക്രമങ്ങളിൽപ്പെടുന്ന ഏത് വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും,കുട്ടികൾക്കും ഏറ്റവും എളുപ്പത്തിൽ പരാതി സമർപ്പിക്കുന്നതിന് “ രക്ഷാദൂത് ” എന്ന പദ്ധതി 2020-21 വർഷം മുതൽ നടപ്പിലാക്കി വരുന്നു. അതിക്രമത്തിനിരയായ വ്യക്തിക്കോ, കുട്ടിക്കോ അവരുടെ ഐഡന്റിറ്റി വെളിപ്പെടുത്താതെ പരാതി സമർപ്പിക്കുന്നതിനുള്ള സംവിധാനമാണിത്. അതിക്രമത്തിനിരയായ വ്യക്തിയോ, കുട്ടിയോ,പ്രതിനിധിയോ പോസ്റ്റ് ഓഫീസിൽ എത്തി “തപാൽ" എന്ന കോഡ് പറയുകയും അവർക്ക് പോസ്റ്റ് മാസ്റ്റർ/മിസ്ട്രസിന്റെ സഹായത്തോടു കൂടി ഒരു പേപ്പറിൽ പിൻകോഡ് സഹിതം സ്വന്തം മേൽവിലാസമെഴുതി സീൽ ചെയ്തു ഒട്ടിച്ച് പുറത്ത് “തപാൽ” എന്ന് എഴുതിയോ വെള്ള പേപ്പറിൽ

| | | | |
|---|---|---|---|
| | | | സ്വന്തം മേൽവിലാസമെഴുതി ഒട്ടിച്ച് പുറത്ത് "തപാൽ" എന്ന് എഴുതിയോ ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതുമാണ്.വെള്ള പേപ്പറിൽ ലഭ്യമാകുന്ന മേൽവിലാസം പരാതിയായി പോസ്റ്റ് മാസ്റ്റർ സ്വീകരിച്ച് അതിന്റെ സ്കാൻട് കോപ്പി വനിത ശിശു വികസന വകുപ്പിന്റെ ഇ-മെയിൽ ID യായ Email Id-wcddvpostal@gmail.com -യിലേയ്ക്ക് കൈമാറുന്നു. ഈ പരാതികളിൽ സ്ത്രീകൾക്കുണ്ടാകുന്ന അതിക്രമം അതാതു ജില്ലയിലെ വനിത സംരക്ഷണ ഓഫീസർമാരും കുട്ടികൾക്കെതിരെയുള്ള അതിക്രമം അതാതു ജില്ലയിലെ ഡിസ്ട്രിക്ക് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാരും അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു. |
| (സി) | ഗാർഹിക പീഡനത്തിൽ നിന്നും സംരക്ഷണം ലഭ്യമാക്കുവാനും നിയമ മാർഗ്ഗത്തെ കുറിച്ച് ബോധവത്ക്കരണം നടത്താനും വകുപ്പിന്റെ പ്രവർത്തനങ്ങൾ വഴി സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഗാർഹിക പീഡനത്തിൽ നിന്നും സംരക്ഷണം ലഭ്യമാക്കുവാനും, നിയമ മാർഗത്തെ ക്കുറിച്ചു ബോധവത്കരണം നടത്തുവാനും വകുപ്പിന്റെ പ്രവർത്തനങ്ങൾ വഴി സാധിച്ചിട്ടുണ്ട്. ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണ നിയമം 2005 പ്രകാരം കേരളത്തിലെ 14 ജില്ലകളിലും വനിതാ സംരക്ഷണ ഓഫീസർ സേവനമനുഷ്ഠിക്കുന്നു. കൂടാതെ ഈ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 83 സർവീസ് പ്രൊവൈഡിംഗ് സെന്ററുകളും 11 ഷെൽട്ടർ ഹോമുകളും പ്രവർത്തിച്ചു വരുന്നു. നടപ്പ് വർഷം 20 സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ/ ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. അതിക്രമത്തിനിരയായ സ്ത്രീകളുടേയും കുട്ടികളുടേയും പുനരധിവാസത്തിനായി സ്വാധാർഗ്രഹ്, ഉജ്ജ്വല തുടങ്ങിയ ഷെൽട്ടർ ഹോമുകളും വകുപ്പ് നടത്തുന്നുണ്ട്. വൺസ്റ്റോപ്പ് സെന്റർ ഗാർഹിക-ലൈംഗിക അതിക്രമത്തിലെ ഇരയായ സ്ത്രീകൾക്ക് വൈദ്യ സഹായം, കൗൺസിലിംഗ്, പോലീസ് സഹായം, നിയമ സഹായം, ഷെൽട്ടർ എന്നീ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി വൺ സ്റ്റോപ്പ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് ലിംഗ അസമത്വം, ഗാർഹിക പീഡനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച ജന്റർ റിസോഴ്സ് പേഴ്സൺ മുഖാന്തിരം Gender relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിംഗ് ലഭ്യമാക്കിയിട്ടുണ്ട്. പൊതു ജനങ്ങളിൽ Gender Awareness നടത്തി ലിഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി |

| | | | |
|---|---|---|---|
| | | | പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഢനങ്ങളെപ്പറ്റിയും, ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ വഴി ബോധവൽക്കരണ ക്ലാസ്സുകൾ നൽകിയിട്ടുണ്ട്. NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness campaign നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ